## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2562

19.06.2013 ൽ മറുപടിക്ക്

### ഉത്തരവാദ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഉത്തരവാദ ടൂറിസം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2007-ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി ഇപ്പോൾ പ്രധാനമായും കോവളം, കുമരകം, തേക്കടി, വൈത്തിരി എന്നീ നാലു കേന്ദ്രങ്ങളിലാണ് നടപ്പാക്കി വരുന്നത്. പുതുതായി അമ്പലവയൽ, ബേക്കൽ, കുമ്പളങ്ങി എന്നിവയെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ടൂറിസം വഴി തദ്ദേശീയ ജനസമൂഹത്തിന് സാമ്പത്തിക ഉന്നമനവും തൊഴിലും ഇതര നേട്ടങ്ങളും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി കിറ്റ്സ് ആണ്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ടി ഏജൻസിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങൾ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ എന്നിവിടങ്ങളിൽ കൂടി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നാട്ടിൻ |

പുറങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങളുടെ സംഭരണ - വിപണന സംവിധാനം കാര്യക്ഷമമാക്കുകയും, ഹോട്ടലുകളിലേയ്ക്കും റിസോർട്ടുകളിലേയ്ക്കും വിപണനം വ്യാപിപ്പിക്കുകയും ചെയ്തു വരുന്നു. പുതുതായി ഉത്തരവാദിത്ത ടൂറിസം മുൻനിർത്തിയുള്ള ഹോട്ടലുകളുടെ ക്ലാസിഫിക്കേഷൻ ആരംഭിച്ചു.

ആറു ഡെസ്റ്റിനേഷനുകളിൽ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എന്ന ഗ്രാമസന്ദർശന യാത്രയ്ക്കു വേണ്ട പാക്കേജുകൾ രൂപപ്പെടുത്തി. വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ തദ്ദേശീയർക്കായി ആരംഭിച്ചു. എല്ലാ ഡെസ്റ്റിനേഷനുകളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും സ്വയം സഹായ സംഘങ്ങളെയും ടൂറിസത്തിന്റെ മുഖ്യധാരാ പ്രവർത്തകരാക്കി മാറ്റി. UNWTO യുടെ അടക്കം പ്രശംസ പിടിച്ചു പറ്റും വിധം പദ്ധതി പ്രവർത്തനം ശക്തമാക്കി. 7 ഡെസ്റ്റിനേഷനുകളിലും പദ്ധതി പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻ സർക്കാർ ടൂറിസം വിദ്യാഭ്യാസ സ്ഥാപനമായ കിറ്റ്സിനെ ചുമതലപ്പെടുത്തി. 2013 ജൂൺ 27 മുതൽ 29 വരെ കുമരകത്ത് വച്ച് ഉത്തരവാദിത്ത ടൂറിസം അന്തർ-ദേശീയ സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സെമിനാറിൽ വച്ച് കുമരകത്തെ ലോകത്തെ ആദ്യ മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ